**പതിനാലാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5995** 04/07/2019 ലെ മറുപടി

**വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . സണ്ണി ജോസഫ് : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് കായണ്ണ സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ ഇക്കഴിഞ്ഞ എസ്.എസ്. എൽ.സി. പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സ് വഴിയിൽ വീണുകിട്ടിയെന്ന പരാതി അന്വേഷിച്ചിട്ടുണ്ടോ; | (എ) കോഴിക്കോട് കായണ്ണ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ ഇക്കഴിഞ്ഞ എസ്. എസ്.എൽ.സി. പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സ് വഴിയിൽ നിന്നും വീണ കിട്ടിയെന്ന പരാതിയിന്മേൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന പ്രാഥമികാന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) ഇതിന്റെ അടിസ്ഥാനത്തിൽ ആർക്കെതിരെയൊക്കെ നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ? | (ബി) കോഴിക്കോട് കായണ്ണ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ 2019 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസ് വഴിയിൽ വീണ വിഷയത്തിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രാഥമികാന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ കായണ്ണ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ പ്രഥമാധ്യാപികയും ചീഫ് സൂപ്രണ്ടുമായ ശ്രീമതി.പുഷ്പലത.ഇ.ടി, സ്കൂളിലെ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടും കോഴിക്കോട് കല്ലാനോട് സെന്റ് മേരീസ് എച്ച്.എസിലെ അദ്ധ്യാപകനുമായ ശ്രീ. സണ്ണി ജോസഫ് എന്നിവരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും വേലവിലക്കിയിരുന്നു. പ്രസ്തുത ജീവനക്കാരെ അച്ചടക്ക നടപടി തുടർന്നു കൊണ്ട് തന്നെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. കായണ്ണ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും മൂല്യനിർണ്ണയ ക്യാമ്പിൽ എത്തിക്കുവാൻ കൊണ്ടുപോയ ഉത്തരക്കടലാസുകൾ വഴിയിൽ നഷ്ടപ്പെടുന്നതിന് ഇടവരുത്തിയത് കായണ്ണ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ ഓഫീസ് അറ്റന്റന്റ് ആയ ശ്രീ.സിബി.എം.വി. യാണ്. ടിയാനെ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ വേലവിലക്കുകയും ചട്ട പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ